പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1236 — 20.01.2014-ലെ മറുപടിക്ക്

## എസ്റ്റേറ്റ് ഭൂമി മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കാനുള്ള അനുമതി

ചോദ്യം
ശ്രീ. എസ്.രാജേന്ദ്രൻ

മറുപടി
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | നൽകിയ മറുപടി | അന്തിമ മറുപടി |
|---|---|---|---|---|
| (എ) | കേരള ഭൂപരിഷ്കരണ ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അഞ്ച് ശതമാനം എസ്റ്റേറ്റ് ഭൂമി മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കാം എന്ന ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | 07.03.2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1254/2013/ റവന്യൂ പ്രകാരം | |
| (ബി) | പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം എത്ര തോട്ടം ഉടമകൾ തങ്ങളുടെ കൈവശമുള്ള തോട്ടത്തിന്റെ അഞ്ച് ശതമാനം ഭൂമി മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കാനുള്ള അനുമതിക്കായി അപേക്ഷിക്കുകയുണ്ടായി ; ജില്ല തിരിച്ച് പ്രസ്തുത അപേക്ഷകരുടെ ലിസ്റ്റ് ലഭ്യമാക്കാമോ; | (ബി) | ആലപ്പുഴ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ നിന്നും അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. ഇടുക്കി ജില്ലയിൽ നിന്നും ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട് (അപേക്ഷകൻ കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻ ലിമിറ്റഡ്, മൂന്നാർ എന്ന കമ്പനി). വയനാട് ജില്ലയിൽ നിന്നും ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട് (അപേക്ഷകൻ ശ്രീ.ബിജേഷ് മാനുവർ മുതൽ മൂന്ന് പേർ എറകേണി വീട്, അമ്പുകുത്തി, മാനന്തവാടി). മറ്റ് 6 ജില്ലകളിലെ വിവരങ്ങൾ ശേഖരിച്ച് വരുന്നു. | തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | ജില്ലാ കളക്ടർ, സ്റ്റേറ്റ് ലാന്റ് ബോർഡ്, കൃഷി വകുപ്പ് തുടങ്ങിയവയുടെ അനുമതിയോടുകൂടി എത്ര തോട്ടം ഉടമകൾക്ക് ഇതിനകം വിനിയോഗത്തിനുള്ള അനുമതി നല്കുകയുണ്ടായി ; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ? | (സി) | ആർക്കും തന്നെ അനുമതി നൽകിയിട്ടില്ല. | |

സെക്ഷൻ ഓഫീസർ